കേൾക്കേണ്ട ശബ്ദം:

എന്റെ സ്വപ്നങ്ങൾക്ക് ചുവപ്പുനിറമാണ്. പണ്ട് കണ്ടതിൽ നിന്ന് ഒട്ടും മങ്ങിയിട്ടില്ല അതിന്റെ നിറം.

– ഗ്രോ വാസു

മകതബ്
1193 കന്നി 20
1439 മുഹറം 15

അർത്ഥം നഷ്ടപ്പെട്ട ആൾക്കൂട്ടം

നടിയെ തട്ടിക്കൊണ്ടുപോയി ആക്രമിച്ച് ദൃശ്യങ്ങൾ പകർത്തിയ സംഭവം കേരളത്തിന്റെ ചരിത്രത്തിലെ സമാനതകൾ ഇല്ലാത്ത കുറ്റകൃത്യമായിരുന്നു. ആ കേസിൽ നടൻ ദിലീപ് അറസ്റ്റ് ചെയ്യപ്പെട്ടു. അഞ്ച് തവണ അദേഹത്തിന്റെ ജാമ്യാപേക്ഷ തള്ളിയ കോടതി ഒടുവിൽ ജാമ്യം അനുവദിച്ചു. റിമാന്റിലായതിന്റെ 85–ാം ദിനം ഉപാധികളോടെ കേരള ഹൈക്കോടതിയാണ് ജാമ്യം അനുവദിച്ചത്.

85 ദിവസം ജാമ്യം ലഭിക്കാതെ റിമാന്റിൽ കഴിയേണ്ടി വന്നുവെന്നത് ദിലീപിന് എതിരെയുള്ള കുറ്റാരോപണത്തിന്റെ ഗൗരവമാണ് ബോധ്യപ്പെടുത്തുന്നത്. അന്വേഷണ സംഘം സമർപ്പിച്ച കേസ് ഡയറിയും മറ്റ് രേഖകളും പരിശോധിച്ചാണ് ദിലീപിന് ഇതുവരെ ജാമ്യം നിഷേധിച്ചത്. എന്നാൽ കേസ് അന്വേഷണം ഏതാണ്ട് പൂർത്തീകരിച്ച ഘട്ടത്തിൽ ദിലീപിന് ജാമ്യം നൽകുക എന്നത് സാമാന്യ നീതിയാണ്. കോടതി ആ നീതിയാണ് നടപ്പിലാക്കിയത്.

എന്നാൽ ജാമ്യം ലഭിച്ച ദിലീപിനെ ജയിൽ മോചിതനായ സ്വാതന്ത്ര്യസമരസേനാനിയെ പോലെ വലിയൊരു വിഭാഗം ചെറുപ്പക്കാർ എഴുന്നള്ളിച്ച് കൊണ്ടുപോയത് കേരളീയ സമൂഹത്തിന് അപമാനകരമാണ്. പത്മശ്രീ കേണൽ ഡോ. ഭരത് സരോജ്കുമാറിനെ പോലെ ദിലീപ് തന്റെ വീട്ടിൽ നിന്ന് ആരാധക വൃന്ദത്തെ അഭിവാദ്യം ചെയ്യുന്നതും കണ്ടു. ദിലീപിനെ കുറ്റവിമുക്തനാക്കിയതുപോലുള്ള പ്രതികരണങ്ങളാണ് ഒരുപറ്റം ആളുകൾ സമൂഹമാധ്യമങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. കേരള ഹൈക്കോടതിയുടെ മുകളിൽ പുതിയ സൂര്യൻ ഉദിച്ചുവെന്നത് മുതൽ ജനകീയ കോടതിയുടെ ഇടപെടലിനെ തുടർന്നാണ് ഹൈക്കോടതിക്ക് ജാമ്യം അനുവദിക്കേണ്ടി വന്നത് തുടങ്ങിയ അപക്വവും പരിഹാസ്യവുമായ പ്രതികരണങ്ങൾ വരെ വന്നുകഴിഞ്ഞു. കേസിൽ അന്തിമ വിധിവരുംവരെ പ്രതി ഒരേ സമയം നിരപരാധിയും അതുപോലെ കുറ്റാരോപിതനുമാണെന്ന വസ്തുതയാണ് മറച്ചുവെക്കപ്പെടുന്നത്.

എന്നാൽ അപക്വവും ബാലിശവുമായ പ്രതികരണം എന്നതിനപ്പുറം ഈ ആണത്ത പ്രകടനങ്ങൾ അത്യന്തം അപകടകരമായ ഒരു പ്രവണതയാണ്. അത് ഫാസിസത്തിന്റെ വിത്തുപാകുന്നതിന് മണ്ണിനെ ഉഴുതുമറിക്കുന്ന നടപടിയാണ്.

ഫാസിസം വളരുന്നത് ചിന്താശേഷി നഷ്ടപ്പെടുന്ന സമൂഹത്തിലാണ്. അർത്ഥം നഷ്ടപ്പെടുന്ന ആൾക്കൂട്ടമാണ് ഫാസിസ്റ്റുകളായി രൂപാന്തരപ്പെടുന്നത്. ആരാധക വൃന്ദങ്ങൾ ഫാസിസത്തിന് വളരാനുള്ള ആൾക്കൂട്ടങ്ങളാണ് രാഷ്ട്രീയത്തിലായാലും മതത്തിലായാലും മറ്റ് സാമൂഹ്യ സംഘടനകളിലായാലും അത് ആവശ്യപ്പെടുന്നത് ചോദ്യം വേവാത്ത തലച്ചോറുകളെയാണ്. അതുകൊണ്ട് അന്ധവിശ്വാസികളെ പോലെ നേതൃത്വങ്ങളെ കണ്ണുമടച്ച് വിശ്വസിക്കുന്ന ആൾക്കൂട്ടങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഏതൊരാളെയും അവരുടെ പ്രവൃത്തിയുടെ അടിസ്ഥാനത്തിലല്ല ഇത്തരക്കാർ വിലയിരുത്തുക. വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് ദിലീപ് തെറ്റ് ചെയ്തില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അതിന്റെ യുക്തി എന്ത് എന്ന ചോദ്യത്തിന് അവിടെ പ്രസക്തിയില്ലാതാകും.

വിശ്വാസം, അതല്ലേ പ്രധാനമെന്ന ആശയ ശാസ്ത്രം മനോരോഗികൾക്ക് സമാനമായി മാറുന്ന ആളുകളുടെ ഇത്തരം പ്രവൃത്തികൾക്ക് നമ്മുടെ രാജ്യം പലതവണ സാക്ഷ്യം വഹിച്ചിട്ടുണ്ട്. നിരവധി സ്ത്രീകളെ ബലാൽസംഗം ചെയ്ത വ്യാജ ആത്മീയ ആചാര്യൻ ഗുർമിത് റാം റഹിം സിങ്ങിനെ കോടതി ശിക്ഷിച്ചപ്പോൾ ഇതുപോലുള്ള പേക്കൂത്തുകൾ അരങ്ങേറി. നിരവധി വാഹനങ്ങളുടെ അകമ്പടിയോടെയാണ് ആരാധകർ ഈ കള്ള സന്യാസിയെ കോടതിയിലേക്ക് ആനയിച്ചത്. വിധി വന്നപ്പോൾ വ്യാപക അക്രമം അഴിച്ചുവിട്ടു. അയളെ ജയിലിലേക്ക് കൊണ്ടുപോകുന്നത് തടയാൻ ശ്രമമുണ്ടായി. കാരണം പതിനായിരക്കണക്കിന് അനുയായികൾ വിശ്വസിക്കുന്നു ഗുർമിത് നിരപരാധിയാണെന്ന്.

ചന്ദ്രബോസ് എന്ന സെക്യൂരിറ്റിക്കാരനെ ക്രൂരമായി കൊലപ്പെടുത്തിയ റിയൽ എസ്റ്റേറ്റ് വ്യാപാരി നിഷാമിന്റെ നിരപരാധിത്തം സ്ഥാപിച്ചെടുക്കാനും ആൾക്കൂട്ടം രംഗത്തിറങ്ങുന്നത് കണ്ടു. നിഷാം ജയിലിലായതോടെ അയാളുടെ വ്യവസായ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതായതാണത്രെ കുറേയാളുകളെ സംഘടിക്കാൻ പ്രേരിപ്പിച്ചത്. മാത്രമല്ല നിഷാം വളരെയേറെ ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന ആളായതുകൊണ്ട് വിട്ടയക്കണമെന്നും ആവശ്യം ഉയർന്നു.

ഈ കുറ്റകൃത്യങ്ങളിൽ എല്ലാം നഷ്ടം സംഭവിച്ച ചിലരുണ്ട്. അപമാനിക്കപ്പെട്ടവർ, ജീവിതം നഷ്ടപ്പെട്ടവർ... അവരുടെ സങ്കടങ്ങൾക്കും നിലവിളികൾക്കും മുകളിലാണ് ആഹ്ലാദ ആരവങ്ങൾ ഉയരുന്നത്. അവരുടെ നഷ്ടങ്ങൾ ഇത്തരക്കാരുടെ മനസിനെ സ്പർശിക്കുന്നതേയില്ല. കാരണം അവർ അധികാരവും പദവിയും സമ്പത്തും ഇല്ലാത്തവർ. അവർ ഫാൻസ് അസോസിയേഷനുകൾ ഇല്ലാത്തവരാണ്. നാണക്കേടിനപ്പുറം ഭയമാണ് ഈ ആഹ്ലാദ പ്രകടനങ്ങൾ സൃഷ്ടിക്കുന്നത്. നടി രണ്ടര മണിക്കൂർ മാത്രമാണ് പീഡനത്തിന് ഇരയായതെന്നും നടൻ 85 ദിവസം പീഡിപ്പിക്കപ്പെട്ടു എന്നൊക്കെയുള്ള പ്രതികരണം അറുപ്പും വെറുപ്പും ഭയവുമാണ് ഉണ്ടാക്കുന്നത്. സ്വന്തം സഹോദരിയോ, ഭാര്യയോ ആണ് ഇങ്ങനെയൊരു പീഡനത്തിന് ഇരയാക്കുന്നതെങ്കിൽ ഇതേ പ്രതികരണമാണോ ഇവർ നടത്തുക. അത്ര കണ്ട് സാമൂഹ്യബോധം ഇല്ലാത്ത ഇക്കൂട്ടർ നാടിനെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്. ഞങ്ങളുടെ താരം, ഞങ്ങളുടെ നേതാവ്, ഞങ്ങളുടെ ആചാര്യൻ, അവർ എന്ത് തെറ്റു ചെയ്താലും കൂടെ ഞങ്ങളുണ്ടെന്ന് പറയാൻ തയ്യാറാകുന്ന ആൾക്കൂട്ടം വിഷവിത്തുക്കളാണ്. അത് നമ്മുടെ നാട്ടിൽ വിതക്കാൻ അനുവദിച്ചുകൂടാ.

വയോജന സംഗമം നടത്തി

തളിപ്പറമ്പ: പബ്ലിക് റീഡിംഗ് റൂം ആന്റ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വയോജന ദിനാചരണത്തോടനുബന്ധിച്ച് വയോജന സംഗമവും ആദരിക്കലും നടത്തി. വാർഡ് കൗൺസിലർ പി.പി. മുഹമ്മദ് നിസാർ ഉദ്ഘാടനം ചെയ്തു. കെ. മാധവൻ മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. കെ.വി. അബൂബക്കർഹാജി, പി.എ. സൈഫുദീൻ, കെ.വി. മുഹമ്മദ്കുഞ്ഞി, പി. ഷഫീഖ്, യൂനുസ് ഹൈവേ, പി. അബ്ദുൾ റസാഖ്, സി. മുഹമ്മദ് കുഞ്ഞി സംസാരിച്ചു. പി. മുഹമ്മദ് കുഞ്ഞി മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഫൈസൽ ചെറുകുന്നോൻ സ്വാഗതവും എൻ.എ. സിദിഖ് നന്ദിയും പറഞ്ഞു.

തലവിൽ– എരുവാട്ടി റോഡ് നവീകരിക്കണമെന്ന്

തലവിൽ: തലവിൽ- എരുവാട്ടി റോഡ് നവീകരണം നടത്തി യാത്രക്കാർക്ക് സൗകര്യമൊരുക്കാൻ അധികൃതർ ജാഗ്രത കാട്ടണമെന്ന് തലവിൽ ചേർന്ന സീനിയർ സിറ്റിസൺ യോഗം ആവശ്യപ്പെട്ടു. പ്രസിഡണ്ട് പി. നാരായണൻ, വി. കുഞ്ഞിരാമൻ, എൻ.വി. രാഘവൻ, നാരായണൻ പുതിയടത്ത് സംസാരിച്ചു.

താലൂക്ക് വികസന സമിതി ഏഴിന്

തളിപ്പറമ്പ: ഒക്ടോബർ മാസത്തെ തളിപ്പറമ്പ താലൂക്ക് വികസന സമിതി യോഗം ഏഴിന് രാവിലെ 10.30ന് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

മത്സ്യകർഷകർ അപേക്ഷ നൽകണം

ആലക്കോട്: കേരള സർക്കാർ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന ജനകീയ മത്സ്യകൃഷി പ്രകാരം ആലക്കോട് പഞ്ചായത്ത് പരിധിയിൽ വരുന്ന മത്സ്യ കർഷകർക്ക് മത്സ്യ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷ ഫോറം പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാണെന്നും പൂരിപ്പിച്ച അപേക്ഷകൾ 11ന് മുമ്പായി തിരിച്ച് ഏൽപ്പിക്കണമെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

വാർഷിക പൊതുയോഗം എട്ടിന്

തളിപ്പറമ്പ: പൂക്കോത്ത് കൊട്ടാരം ദേവസ്വം മെമ്പർമാരുടെ വാർഷിക പൊതുയോഗം എട്ടിന് രാവിലെ പത്ത് മണിക്ക് പൂക്കോത്ത്കൊട്ടാരത്തിൽ നടക്കും.

അനുശോചിച്ചു

ആലക്കോട്: കേരളാ കോൺഗ്രസ് നേതാവ് ജേക്കബ് ചൂരനോലിയുടെ നിര്യാണത്തിൽ കേരളാ കോൺഗ്രസ് (എം) ആലക്കോട് മേഖലാ കമ്മിറ്റി അനുശോചിച്ചു. ഡെന്നീസ് വാഴപ്പള്ളിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡണ്ട് ജോയി കൊന്നയ്ക്കൽ, സജി കുറ്റിയാനിമറ്റം, കെ.ടി.സുരേഷ്കുമാർ, സി.ജെ.ജോൺ, ബിജു പുതുക്കള്ളിൽ, ജെയ്മി ജോർജ്, ബെന്നി വെളുത്തേടത്ത്കാട്ടിൽ, തോമസ് ഇടക്കരക്കണ്ടം പ്രസംഗിച്ചു.

ഉന്നത വിജയികളെ അനുമോദിക്കുന്നു

കാഞ്ഞിരങ്ങാട്: മൂന്നാം മൈൽ മുത്തപ്പൻ മടപ്പുര ക്ഷേത്ര കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത മാർക്ക് വാങ്ങി വിജയിച്ച കുട്ടികളെ അവാർഡ് നൽകി അനുമോദിക്കുന്നു. പന്നിയൂർ കുറ്റ്യേരി വില്ലേജുകളിൽ താമസിക്കുന്ന അർഹരായ കുട്ടികൾ മാർക്ക് ലിസ്റ്റ് സഹിതം 11ന് മുമ്പ് സെക്രട്ടറിയെ ബന്ധപ്പെടണം. ഫോൺ: 9446902253

മഹിള സംഘം ധർണ്ണ നടത്തി

കണ്ണൂർ: പാചകവാതകത്തിന്റെയും പെട്രോൾ-ഡീസലിന്റെയും വിലവർദ്ധനവിൽ പ്രതിഷേധിച്ച് കേരള മഹിളാസംഘം നേതൃത്വത്തിൽ കണ്ണൂരിൽ പ്രകടനവും ആർഎസ് പോസ്റ്റോഫീസിന് മുന്നിൽ ധർണ്ണയും നടത്തി. സംസ്ഥാന ജോയിന്റ് സെക്രട്ടറി എൻ ഉഷ ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് കെ മീനാക്ഷി ടീച്ചർ അധ്യക്ഷയായി. ജില്ല സെക്രട്ടറി കെ.എം.സപ്ന സ്വാഗതം പറഞ്ഞു. ടി സാവിത്രി സംസാരിച്ചു. പ്രകടനത്തിന് പി കെ ചിത്രലേഖ, കെ ടി ഉഷാവതി, രേഷ്മ പരാഗൻ, പി ആർ പൊന്നമ്മടീച്ചർ, എൻ.പങ്കജാക്ഷി, ദേവിക കൃഷ്ണൻ നേതൃത്വം നൽകി.

തളിപ്പറമ്പ പബ്ലിക് റീഡിംഗ് റൂം ആന്റ് ലൈബ്രറി ലോക വയോജന ദിനത്തോടനുബന്ധിച്ച് നടത്തിയ സംഗമത്തിൽ നഗരസഭ കൗൺസിലർ പി.പി.നിസാർ കെ.മാധവൻ മാസ്റ്ററെ ആദരിക്കുന്നു

ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് വായനാമൽസരം

കണ്ണൂർ: ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ വായനാമൽസരം താലൂക്ക്തലം 22ന് നാല് താലൂക്ക് കേന്ദ്രങ്ങളിൽ നടക്കും. മൽസരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 10നകം ലൈബ്രറി കൗൺസിൽ താലൂക്ക് ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യണം. തെരഞ്ഞെടുത്ത പുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയുള്ള 50 മാർക്ക് ചോദ്യങ്ങളാണ് ക്വിസ് മൽസര മാതൃകയിൽ ഉണ്ടാകുക. ആദ്യ മൂന്ന് സ്ഥാനക്കാർക്ക് 2500,2000,1500 രൂപ സമ്മാനം നൽകും. താലൂക്ക്തലത്തിൽ നിന്ന് തെരഞ്ഞെടുക്കുന്ന ആദ്യ മൂന്ന് സ്ഥാനക്കാരെ പങ്കെടുപ്പിച്ചുള്ള ജില്ലാ മൽസരം ഡിസംബർ 17നും സംസ്ഥാന മൽസരം 2018 ജനുവരി 14നും നടക്കും. ഓരോ ജീവനും വിലപ്പെട്ടതാണ്-എംഎ റഹ്മാൻ, ഉഷ്ണരാശി-കെ വി മോഹൻകുമാർ, കുട നന്നാക്കുന്ന ചോയി- എം മുകുന്ദൻ, ആത്മകഥ-ഇഎംഎസ്, സ്വാതി തിരുനാൾ- ഡോ പി കെ ഗോപൻ, ഡോൺ ശാന്തമായി ഒഴുകുന്നു-ഷോളാഖാവ്, സ്വാമി വിവേകാനന്ദൻ-എൻവിപി ഉണ്ണിത്തിരി, കേരളത്തിന്റെ ഇന്നലെകൾ-കെ എൻ ഗണേഷ് എന്നീ പുസ്തകത്തിൽ നിന്നും 2016ലെ ആഗസ്ത്, സെപ്തംബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ഗ്രന്ഥാലോകത്തിൽ നിന്നുമാണ് ചോദ്യങ്ങളുണ്ടാകുക.

ഗാന്ധി സ്റ്റഡി സെന്റർ
വായാട്ടുപറമ്പ് കവല
ഉദ്ഘാടനം
പി.പി.ബാലൻ

വായാട്ടുപറമ്പ് കവലയിൽ ഗാന്ധി സ്റ്റഡിസെന്റർ ഡോ.പി.പി.ബാലൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

ഓട്ടോ തൊഴിലാളി യൂണിയൻ കണ്ണൂർ കോർപ്പറേഷൻ യൂനിറ്റ് ഉദ്ഘാടനം

കണ്ണൂർ: സ്വതന്ത്ര ഓട്ടോറിക്ഷാ തൊഴിലാളി യൂനിയൻ (എസ്.എ.ടി.യു) കണ്ണൂർ കോർപ്പറേഷൻ യൂണിറ്റ് ഉദ്ഘാടനവും ആശ്വാസ് പദ്ധതിയുടെ രണ്ടാം വാർഷികവും കെ.സി. ഉമേഷ്ബാബു ഉദ്ഘാടനം ചെയ്തു. കെ. ബാബു സ്വാഗതം പറഞ്ഞു. അഡ്വ. കസ്തൂരിദേവൻ അധ്യക്ഷം വഹിച്ചു. എൻ. ലക്ഷ്മണൻ, സി.കെ. ജയരാജൻ സംസാരിച്ചു.

എസ്.എ.ടി.യു കോർപ്പറേഷൻ യൂണിറ്റ് കമ്മിറ്റി അംഗങ്ങളായി എം. കമറുദീൻ, എ. പ്രമോദ്, കെ.കെ. ഷജീർ, ടി.പി. ഷാനിഫ്, സി. രജീഷ്, കെ. ബാബു, കെ. റജി, ഷിജിൽബാബു, എം. നിഷിൽ, കെ.വി. രാജേഷ്, സി.പി. രജീഷ്, സി.കെ. ജയരാജൻ, പി.വി. രാജ്മോഹൻ, എ. ബഷീർ, കെ.വി. ഷാഹിദലി, എൻ. സീതാറാം, വി.വി. മഹമൂദ്, എം. രവീന്ദ്രൻ, പി. ഗണേശൻ, കെ. സന്തോഷ്, പി. രാധാകൃഷ്ണൻ, സജാസ്, എം.വി. പ്രേമൻ, കെ. സുജിത്, കെ. അജിത്ത്, പി. സുരേന്ദ്രൻ, ടി. ഭാസ്ക്കരൻ തുടങ്ങിയവരെ തിരഞ്ഞെടുത്തു.

ഭാരവാഹികളായി എം. കമറുദീൻ (പ്രസിഡണ്ട്), എം. നിഷിൽ (വൈസ് പ്രസിഡണ്ട്), കെ. ബാബു (സെക്രട്ടറി), കെ. റജി (ജോയിന്റ് സെക്രട്ടറി), ഷികിൽ ബാബു (ട്രഷറർ) തുടങ്ങിയവരെ യോഗം തിരഞ്ഞെടുത്തു.

ഫാസിസ്റ്റ് ഭീകരതക്കെതിരെ പ്രഭാ ആർട്സ് ക്ലബ് ആലക്കോട് നടത്തിയ സാംസ്കാരിക പ്രതിരോധ സായാഹ്നം നോവലിസ്റ്റ് ടി.ഡി.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

ഫാസിസത്തെ പ്രതിരോധിച്ചില്ലെങ്കിൽ വരാനിരിക്കുന്നത് വലിയ ദുരന്തം: ടി.ഡി.രാമകൃഷ്ണൻ

ആലക്കോട്: ഫാസിസത്തെ പ്രതിരോധിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇന്ത്യയിലെ ജനങ്ങളെ കാത്തിരിക്കുന്നത് വലിയ ദുരന്തമാണെന്ന് നോവലിസ്റ്റ് ടി.ഡി.രാമകൃഷ്ണൻ പ്രസ്താവിച്ചു. ഫാസിസത്തിനെതിരെ ആലക്കോട് പ്രഭാ ആർട്സ് ക്ലബ് സംഘടിപ്പിച്ച സാംസ്കാരിക പ്രതിരോധ സായാഹ്നം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. മുപ്പത് ശതമാനം മാത്രം ആളുകളുടെ പിന്തുണയോടെ അധികാരത്തിലെത്തിയ സംഘപരിവാറുകൾക്ക് 2019ലെ തിരഞ്ഞെടുപ്പിൽ കൂടുതൽ സീറ്റുകൾ ലഭിച്ചാൽ ഇപ്പോൾ നേരിടുന്നതിനെക്കാളും വലിയ ഫാസിസ്റ്റ് അക്രമങ്ങളായിരിക്കും സംഭവിക്കാൻ പോകുന്നത്. ഒരു പക്ഷെ ജനാധിപത്യത്തിന്റെ തന്നെ അവസാനമായിരിക്കും അത്. വെറുപ്പിന്റെ രാഷ്ട്രീയം പ്രചരിപ്പിക്കുന്ന ഫാസിസ്റ്റ് ശക്തികൾക്കെതിരെ ജനാധിപത്യബോധമുള്ള മുഴുവൻ ആളുകളുടെയും ഐക്യം അനിവാര്യമാണെന്ന് അദേഹം ചൂണ്ടിക്കാട്ടി. പി.സന്ദീപ് അധ്യക്ഷത വഹിച്ചു. മക്തബ് പത്രാധിപർ കെ.സുനിൽകുമാർ, എം.എ.ഖലീൽറഹ്മാൻ, എ.ആർ.പ്രസാദ് മാസ്റ്റർ, കെ.പി.സാബു, എം.ജെ.മാത്യു മാസ്റ്റർ പ്രസംഗിച്ചു. എം.പി.മുരളിദാസ് സ്വാഗതം പറഞ്ഞു.

കേരള മഹിളാസംഘം
NFIW
പാചകവാതക വിലവർദ്ധനവിനെതിരെ
പ്രതിഷേധ പ്രകടനം
NFPE

കേരള മഹിളാസംഘം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ആർഎസ് പോസ്റ്റോഫീസിന് മുന്നിൽ നടത്തിയ ധർണ്ണ സംസ്ഥാന ജോയിന്റ് സെക്രട്ടറി എൻ. ഉഷ ഉദ്ഘാടനം ചെയ്യുന്നു

അഡ്വക്കറ്റ് ക്ലാർക്ക്സ് അസോസിയേഷൻ ജില്ലാ സമ്മേളനം എട്ടിന്

കണ്ണൂർ: കേരള അഡ്വക്കറ്റ് ക്ലാർക്ക്സ് അസോസിയേഷൻ ജില്ലാ സമ്മേളനം എട്ടിന് രാവിലെ 10 മണിക്ക് പബ്ലിക് ജവഹർ ലൈബ്രറി ഹാളിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി പി.പി.രാഘവൻ മുഖ്യപ്രഭാഷണം നടത്തും. ജില്ലയിലെ എല്ലാ ബാർ അസോസിയേഷൻ പ്രസിഡണ്ടുമാരും മറ്റ് ഇതര സംഘടനാ നേതാക്കളും ആശംസകൾ നേരുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. വക്കീൽ ഗുമസ്ത ക്ഷേമനിധി, പെൻഷൻ, മെഡി. ക്ലെയിം, ഉത്സവബത്ത എന്നിവയുടെ വർധനവ് സേവന വേതന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് അഡ്വക്കെറ്റ് ക്ലാർക്ക്സ് ആക്ടിന് രൂപം നൽകുക തുടങ്ങി അസോസിയേഷൻ മുന്നോട്ടുവെച്ച ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനാവശ്യമായ കർമ്മപരിപാടികൾ സമ്മേളനം ചർച്ച ചെയ്യും. പത്രസമ്മേളനത്തിൽ ജില്ല പ്രസിഡണ്ട് എ.രവി, സെക്രട്ടറി പി.പി.കൃഷ്ണൻ, സംസ്ഥാന കമ്മിറ്റി മെമ്പർ പി.വി.പ്രഭാകരൻ, വി.വി.മധുസൂദനൻ, സി.കെ.സുരേന്ദ്രൻ സംബന്ധിച്ചു.

മുക്കുന്നിൽ ജപ്പാൻ കുടിവെള്ള വിതരണം നടപ്പാക്കണമെന്ന്

പരിയാരം: രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മുക്കുന്ന് കിഴക്കൻവയൽ, കൊളാപറമ്പ് എന്നിവിടങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് അടിയന്തരമായും ജപ്പാൻ കുടിവെള്ള വിതരണ പദ്ധതി നടപ്പാക്കണമെന്ന് സി.പി.എം മുക്കുന്ന് ബ്രാഞ്ച് സമ്മേളനം ആവശ്യപ്പെട്ടു. തളിപ്പറമ്പ് ഏരിയാ കമ്മിറ്റി അംഗം കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. എം.വി.ആർ. പണിക്കർ അധ്യക്ഷത വഹിച്ചു. പരിയാരം ലോക്കൽ സെക്രട്ടറി കെ.കെ. പത്മനാഭൻ, എ.ടി. മനോഹരൻ, കെ. വിജയൻ, കെ. ലക്ഷ്മണൻ, എം. ദാമോദരൻ, പി.കെ. വിനോദിനി സംസാരിച്ചു.

ജോയി കൊന്നക്കൽ പ്രസിഡണ്ട്; സജി കുറ്റ്യാനിമറ്റം ജനറൽ സെക്രട്ടറി

ജോയി കൊന്നക്കൽ

സജി കുറ്റ്യാനിമറ്റം

കണ്ണൂർ: കേരള കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ടായി ജോയി കൊന്നക്കലിനെയും ജനറൽ സെക്രട്ടറിയായി സജി കുറ്റ്യാനിമറ്റത്തെയും തെരഞ്ഞെടുത്തു.

മറ്റ് ഭാരവാഹികൾ: തോമസ് മാലത്ത് (ട്രഷറർ), മാത്യു മണ്ഡപത്തിൽ, ജോർജ്കുട്ടി ഇരുമ്പുകുഴി (വൈസ് പ്രസിഡണ്ട്), കെ.ടി.സുരേഷ്കുമാർ, അഡ്വ. റോജസ് സെബാസ്റ്റ്യൻ, വി.കെ.ജോസഫ്, സി.ജെ.ജോൺ, ജോബിച്ചൻ മൈലാട്ടൂർ (സെക്രട്ടറി).

യോഗത്തിൽ പാർട്ടി ചെയർമാൻ കെ.എം.മാണി എം.എൽ.എ, വർക്കിംഗ് ചെയർമാൻ പി.ജെ.ജോസഫ് എം.എൽ.എ, ജോസ്. കെ.മാണി എം.പി, പി.ടി.ജോസ്, ജോയി അബ്രഹാം, എം.പി.റോഷി അഗസ്റ്റ്യൻ എം.എൽ.എ, തോമസ് ഉണ്ണിയാടൻ, ജോയീസ് പുത്തൻപുര പ്രസംഗിച്ചു. റിട്ടേണിംഗ് ഓഫീസർ അഡ്വ.ഷാജി അലക്സ് അധ്യക്ഷത വഹിച്ചു.

ഗാന്ധി സ്റ്റഡി സെന്റർ ഉദ്ഘാടനം ചെയ്തു

ആലക്കോട്: രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ പ്രചരിപ്പിക്കുന്നത് ലക്ഷ്യമിട്ട് വായാട്ടുപറമ്പ് കവല കേന്ദ്രമായി ആരംഭിച്ച ഗാന്ധി സ്റ്റഡി സെന്റർ കില മുൻ ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. ജോസ് വെട്ടുകല്ലാംകുഴി അധ്യക്ഷത വഹിച്ചു. ഗാന്ധിജിയുടെ ഫോട്ടോ അനാഛാദനം പഞ്ചായത്ത് പ്രസിഡണ്ട് പി.ജെ.മാത്യു നിർവഹിച്ചു. അഡ്വ. സോണി സെബാസ്റ്റ്യൻ, ടി.വി.പത്മനാഭൻ, സജി ഓതറ, ജോസ് ഏത്തയ്ക്കാട്ട്, മൈക്കിൾ പാട്ടത്തിൽ, റോസമ്മ തൈക്കുന്നുംപുറം, സണ്ണി മാനാടിയേൽ, ജോഷി പുങ്കുടിയിൽ, ബേബി ഉള്ളാട്ടിൽ, മാത്യു കീഴാരം പ്രസംഗിച്ചു. സജി കിടാരത്തിൽ സ്വാഗതവും ജോർജ് അർത്താംകുന്നേൽ നന്ദിയും പറഞ്ഞു. വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഗാന്ധി ക്വിസിൽ ആൽബിൻ ജിജി ഒന്നാംസ്ഥാനവും മെറീന മാർട്ടിൻ, സോന ജോൺ എന്നിവർ രണ്ടാംസ്ഥാനവും നേടി. കുര്യൻ മാത്യു നേതൃത്വം നൽകി.

ക്വിസ്: മൂത്തേടത്ത് ഹൈസ്കൂൾ ജേതാക്കൾ

തളിപ്പറമ്പ: തളിപ്പറമ്പ സഹായി സംഘടിപ്പിച്ച രണ്ടാമത് ജില്ലാതല മെഗാ ക്വിസ് മത്സരത്തിൽ മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂൾ ജേതാക്കളായി. സീതിസാഹിബ് ഹയർസെക്കണ്ടറി സ്കൂൾ രണ്ടാംസ്ഥാനവും നെടുങ്ങോം ഹൈസ്കൂൾ മൂന്നാംസ്ഥാനവും നേടി. മത്സരം നവാസ് നിയന്ത്രിച്ചു. സഹായി പ്രസിഡണ്ട് കെ.പി.സി.ഹാരിസ്, സെക്രട്ടറി കെ.മുഹമ്മദ്ശാഫി, മൊയ്തു പാറമ്മൽ, മുജീബ്റഹ്മാൻ, ഷാഫി പാപ്പിനിശേരി, കെ.കെ.നാസർ സംബന്ധിച്ചു.

തളിപ്പറമ്പ് നഗരസഭ കേരളോത്സവം നാളെ തുടങ്ങും

തളിപ്പറമ്പ: നഗരസഭാ കേരളോത്സവം 7, 8, 14, 15 തീയതികളിൽ നടക്കും. കബഡി മത്സരം കേയിസാഹിബ് സ്കൂളിലും ക്രിക്കറ്റ് മത്സരം സീതിസാഹിബ് സ്കൂളിലും ഷട്ടിൽ ബാറ്റ്മിന്റൺ മത്സരങ്ങൾ റിക്രിയേഷൻ ക്ലബിൽ വെച്ചും 8ന് ഫുട്ബോൾ, വടംവലി മത്സരങ്ങൾ സീതിസാഹിബ് സ്കൂളിലും വോളിബോൾ, ബാസ്ക്കറ്റ്ബോൾ മത്സരങ്ങൾ സർസയ്യിദ് കോളേജിലും അത്ലറ്റിക്സ് മത്സരങ്ങൾ 14ന് ഉണ്ടപ്പറമ്പ മൈതാനിയിലും കലാമത്സരങ്ങൾ 15ന് മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂളിലും നടക്കും.

ഹോപ്പ് ചാരിറ്റബിൾ ട്രസ്റ്റ് സോണൽ പ്രസിഡണ്ട് ഡോ.ഷാഹുൽ ഹമീദിന് മഹാത്മാഗാന്ധി പീസ് ഫൗണ്ടേഷൻ സംസ്ഥാന സമിതി ഏർപ്പെടുത്തിയ സാമൂഹ്യ സേവനത്തിനുള്ള അവാർഡായ ഗാന്ധി പുരസ്കാരം കോട്ടയത്ത് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിതരണം ചെയ്യുന്നു

ട്രിപ്പ് മുടക്കുന്ന ബസുകൾക്കെതിരെ നടപടി സ്വീകരിക്കണം

പരിയാരം: അമ്മാനപ്പാറ-തിരുവട്ടൂർ-പാച്ചേനി റൂട്ടിൽ ഓടുന്ന മിക്ക ബസുകളും പതിവായി ട്രിപ്പ് മുടക്കുന്നത് മൂലം ജനങ്ങൾക്ക് യാത്രാക്ലേശം രൂക്ഷമാണെന്നും ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സി.പി.എം അമ്മാനപ്പാറ ബ്രാഞ്ച് സമ്മേളനം ആവശ്യപ്പെട്ടു.

ഏരിയാ കമ്മിറ്റിയംഗം സി.എം.കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കെ.കെ.രാമചന്ദ്രൻ, ഇ.വി.ശശിധരൻ, ബാബുരാജ്, പി.രാജൻ പങ്കെടുത്തു. കെ.ബാബുവിനെ അമ്മാനപ്പാറ ബ്രാഞ്ച് സെക്രട്ടറിയായും കെ.സുരേഷിനെ അമ്മാനപ്പാറ സെന്റർ ബ്രാഞ്ച് സെക്രട്ടറിയായും തിരഞ്ഞെടുത്തു.

ആലക്കോട് വയോജന സൗഹൃദ പഞ്ചായത്ത്

ആലക്കോട്: കേരള സീനിയർ സിറ്റിസൺസ് ഫോറം ആലക്കോട് സംഘടിപ്പിച്ച വയോജന സംഗമം പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്തു. ആലക്കോടിനെ വയോജന സൗഹൃദ പഞ്ചായത്തായി പ്രസിഡണ്ട് പ്രഖ്യാപിച്ചു. വൈസ് പ്രസിഡണ്ട് സി.മോഹനൻ അധ്യക്ഷത വഹിച്ചു. സുമിത്ര ഭാസ്ക്കരൻ, എൻ.എൻ.പ്രസന്നകുമാർ, പി.സി.ആയിഷ പ്രസംഗിച്ചു. കെ.വി.സഖറിയാസ് സ്വാഗതവും അന്നമ്മ അഗസ്റ്റിൻ നന്ദിയും പറഞ്ഞു.